"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ഓവർസീയർ ഗ്രേഡ് III തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട വിനോദ് കുമാർ എസ്.ന്റെ ഭാര്യയായ ശ്രീമതി രാധിക ജി.നായർ-ക്ക് ആശ്രിതനിയമനപ്രകാരം ക്ലർക്ക് ആയി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്

സ.ഉ.(കൈ) നം.269/2022/LSGD തീയതി,തിരുവനന്തപുരം, 08-12-2022

---

പരാമർശം:-

1) 24.05.1999 ലെ സ.ഉ(അച്ചടി) 12/99/ഉഭപവ.

2) ശ്രീമതി.രാധിക ജി നായർ സമർപ്പിച്ച 01.08.2019 ലെ ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ.

3) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 01.02.2021 ലെ ഇ2-10704/2020/സി.ഇ./തസ്വഭവ നം. കത്ത്.

4) ആലപ്പുഴ ജില്ലാ കളക്ടറുടെ 22.08.2022 ലെ DCALP/5375/2021-A7 നം. കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമ പഞ്ചായത്തിൽ ഓവർസീയർ ഗ്രേഡ് III ആയി സേവനമനുഷ്ഠിച്ചു വരവേ 14.09.2018 ന് മരണപ്പെട്ട വിനോദ് കുമാർ എസ്. ന്റെ ഭാര്യയായ ശ്രീമതി രാധിക ജി.നായർ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് പരാമർശം (2 ) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ തന്നെയാണ് ടി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പരേതന്റെ ആകെ സേവനകാലം 14 വർഷവും 6 മാസവും 29 ദിവസവും ആണ്.

2 . അപേക്ഷകയുടെ ജനനതീയതി 01.07.1987 ആകയാൽ ടിയാരിക്ക് ഇപ്പോൾ 35 വയസ്സുണ്ട്. ടിയാരി ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് ടിയാരി ബി.എ. പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകാവുന്നതാണ്.

3 . തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറും ആലപ്പുഴ ജില്ലാ കളക്ടറും യഥാക്രമം പരാമർശം 3, 4 പ്രകാരം ശ്രീമതി രാധിക ജി.നായരുടെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്. ശ്രീമതി രാധിക ജി.നായർ, പരേതനായ വിനോദ് കുമാർ എസ്.ന്റെ ഭാര്യയാണ്. വിനോദ് കുമാർ എസ്.ന്റെ അനന്തരാവകാശികൾ ടിയാന്റെ ഭാര്യ ശ്രീമതി രാധികാ ജി.നായർ, മകൻ ആദിത്യൻ

വിനോദ് (8 1/2 വയസ്സ്), മാതാവ് ശ്രീമതി വൽസലദേവി കുഞ്ഞമ്മ എന്നിവരാണ്. ശ്രീമതി രാധിക ജി.നായർ ക്ക് ജോലി നൽകുന്നതിന് ടിയാളുടെ ഭർതൃമാതാവ് സമ്മതപത്രം നൽകിയിട്ടില്ല എങ്കിലും, 24/05/1999 ലെ ജി .ഒ. (പി) നം. 12/99/പി&എആർഡി ഉത്തരവിലെ ഖണ്ഡിക 14 (a) പ്രകാരം ആശ്രിത നിയമനത്തിനുള്ള ഒന്നാം മുൻഗണന വിധവയ്ക്കായിരിക്കുന്നതിനാൽ ടിയാരിക്ക് ആശ്രിതനിയമന പ്രകാരം ജോലി ലഭിക്കുന്നതിന് എല്ലാ തരത്തിലും അർഹതയുണ്ട്. കൂടാതെ, പ്രസ്തുത ഉത്തരവ് പ്രകാരം വിധവ/വിഭാര്യന്റെ നിയമനത്തിന് മറ്റ് അവകാശികളുടെ സമ്മതപത്രം ആവശ്യമില്ല. ശ്രീമതി രാധിക ജി.നായർ, ആശ്രിതനിയമനപ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ ടിയാരിയുടെ ഭർതൃ മാതാവിനെയും മകനെയും ജീവിതകാലം മുഴുവൻ സംരക്ഷിച്ചു കൊള്ളാമെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരേതന്റെ മറ്റ് കുടുംബാംഗങ്ങൾ ആരും തന്നെ പ്രസ്തുത പദ്ധതി പ്രകാരം ജോലിക്കായി അപേക്ഷിക്കുകയോ ആർക്കും തന്നെ ഇപ്രകാരം ജോലി നൽകുകയോ ചെയ്തിട്ടില്ല. അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 36,000/-(മുപ്പത്തി ആറായിരം രൂപ മാത്രം) രൂപയാണ് എന്ന് ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം(4) പ്രകാരം അറിയിച്ചിട്ടുണ്ട്. അപേക്ഷക പത്തനംതിട്ട ജില്ലയിലാണ് നിയമനം ആവശ്യപ്പെട്ടിട്ടുള്ളത്.

4 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമ പഞ്ചായത്തിൽ ഓവർസീയർ ഗ്രേഡ് III ആയി സേവനമനുഷ്ഠിച്ചു വരവേ മരണപ്പെട്ട വിനോദ് കുമാർ എസ്. ന്റെ ഭാര്യയായ ശ്രീമതി രാധിക ജി.നായർ-ക്ക്, പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിതനിയമനപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവാകുന്നു. പരേതന്റെ സർവീസ് ബുക്കിലും, പരേതൻ ഒടുവിൽ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ഇത് സംബന്ധിച്ച വിവരങ്ങൾ ചേർത്ത് ഓഫീസ് മേധാവിയോ വകുപ്പു മേധാവിയോ അറ്റസ്റ്റ് ചെയ്യേണ്ടതാണ്. ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ തുടർന്ന് അന്വേഷണം നടത്തിയ സമയത്തോ, എന്തെങ്കിലും വിവരങ്ങൾ മറച്ചു വയ്ക്കുകയോ തെറ്റായ വിവരങ്ങൾ ധരിപ്പിക്കുകയോ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേൽപ്രകാരം ഉത്തരവായ നിയമനം റദ്ദ് ചെയ്യുന്നതാണ്.

5 . തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ അപേക്ഷകയുടെ ജനനത്തീയതി വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നെസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച ശേഷം, ടിയാരിക്ക് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിലോ, നിലവിൽ ഒഴിവില്ലെങ്കിൽ തുടർന്നുണ്ടാകുന്ന ഒഴിവിലോ നിയമനം നൽകേണ്ടതാണ്. പത്തനംതിട്ട ജില്ലയിൽ സമീപഭാവിയിൽ ഒഴിവുകളുണ്ടാകാൻ സാധ്യത ഇല്ലാത്ത സാഹചര്യമാണെങ്കിൽ തൊട്ടടുത്ത ജില്ലകളിലെ നിലവിലുള്ള ഒരു ഒഴിവിൽ അപേക്ഷകയ്ക്ക് നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1) ശ്രീമതി.രാധികാ.ജി.നായർ, തെക്കേതിൽ ഹൗസ്, കുറിച്ചിമുട്ടം.പി.ഒ. ഇടയാറൻമുള, പത്തനംതിട്ട, പിൻ- 689532 (രജിസ്റ്റേഡ് തപാൽ മുഖേന).
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (With S.B)
3) ജില്ലാ കളക്ടർ, ആലപ്പുഴ.
4) ജില്ലാ കളക്ടർ, പത്തനംതിട്ട.
5) അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ.
6) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7) പൊതു ഭരണ(സി.ഇ. സെൽ) വകുപ്പ്.
8) വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9) കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Subha S
Date: 09-12-2022 11:09:49

സെക്ഷൻ ഓഫീസർ